ഉത്തരം

(എ) 94,400 സീറ്റുകൾ.

(ബി) എഡ്യൂക്കേഷണൽ ഏജൻസി ആവശ്യപ്പെട്ടാൽ സീറ്റു വർദ്ധിപ്പിക്കാൻ സർവകലാശാലകൾക്ക് അധികാരമുണ്ട്. 10 ശതമാനം സീറ്റു വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുവാൻ യൂണിവേഴ്സിറ്റികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിദ്യാർത്ഥികളുടെ നോട്ടു പുസ്തക നിർമ്മാണത്തിന് കടലാസ് കിട്ടുന്നില്ലെന്ന ആക്ഷേപം

954 [1149] ശ്രീ. കെ.ടി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് നോട്ടു പുസ്തകങ്ങൾ നിർമ്മിക്കുന്ന ഹൈസ്കൂൾ സെൻറുകളിലേക്ക് കടലാസ് ലഭിക്കാത്തത് സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(ബി) വടകര വിദ്യാഭ്യാസ ജില്ലയിൽ മടപ്പള്ളി ഹൈസ്കൂളിലേക്ക് നോട്ടു പുസ്തക നിർമ്മാണത്തിന് അടിയന്തരമായും കടലാസ് എത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മടപ്പള്ളി ഗവൺമെൻറ് ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലേക്ക് നോട്ടു ബുക്ക് നിർമ്മാണത്തിനു ഈ വർഷം 600 റീം കടലാസ് എത്തിച്ചിട്ടുണ്ട്.

സ്കൂൾ സഹകരണ സംഘങ്ങൾക്ക് പാഠപുസ്തകങ്ങൾ എടുക്കാനായി നൽകിവരുന്ന വായ്പ

955 [1150] ശ്രീ. കെ. മൂസക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ സ്ഥാനത്തെ സ്കൂൾ സഹകരണ സംഘങ്ങൾക്ക് പാഠപുസ്തകങ്ങൾ എടുക്കാനായി സർക്കാർ നൽകിവരുന്ന ലോൺ എത്രയാണ്;

(ബി) പാഠപുസ്തകങ്ങളുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ ലോൺതുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഗവൺമെൻറ് സ്കൂളുകളിലും എയിഡഡ് സ്കൂളിലും പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾക്ക് 7,500 രൂപയുടെ പാഠപുസ്തകങ്ങളും 7,500 രൂപ യുടെ നോട്ടുബുക്കുകളും ലോണായി നൽകിവരുന്നുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ ടെക്സ്റ്റ് ബുക്കുകൾക്കുള്ള ലോൺ തുക 10,000 രൂപയാക്കി വർദ്ധിപ്പിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അധികാരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly